**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3185** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയിൽ നിന്ന് ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി കൊണ്ടുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്. സർക്കാരിന്റെ വിനോദസഞ്ചാര നയത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെല്ലാം കേരളത്തിലെ വിനോദസഞ്ചാര മേഖലയിലേയ്ക്ക് ആഭ്യന്തര വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഉതകുന്നവയാണ്. കൂടാതെ കേരള വിനോദസഞ്ചാര മേഖലയുടെ മികച്ചതും ആസൂത്രിതവുമായ വിപണന തന്ത്രങ്ങൾ ഈ മേഖലയിൽ കേരള വിനോദസഞ്ചാര മേഖലയ്ക്ക് മേൽകൈ നൽകുന്നുണ്ട്. കേരളത്തിന്റെ മനോഹാരിതയും പ്രകൃതിയുടെ അനുഗ്രഹങ്ങളും, സംസ്കാരവും, കലയും, ആഭ്യന്തര/വിദേശ വിപണിയിൽ പ്രദർശിപ്പിക്കുന്ന വകുപ്പിന്റ പ്രവർത്തനങ്ങൾ ആഭ്യന്തര വരുമാനത്തിന്റെ ഒരു മുഖ്യ പങ്ക്, വിനോദസഞ്ചാര മേഖലയിൽ നിന്നും, സമാഹരിക്കുന്നതിന് സഹായിക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി കൊണ്ട് വിനോദ സഞ്ചാരമേഖലയിൽ നിന്ന് ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് |
| (ബി) | ഗ്രാമീണ തൊഴിൽ മേഖലയുടെ മുഖ്യ സ്രോതസ്സാക്കി വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | ടൂറിസം മേഖലയിൽ തദ്ദേശീയ സമൂഹത്തിനു കൂടി പങ്കാളിത്തം നൽകി ദേശീയ അന്തർദേശീയ തലത്തിൽ കേരള ടൂറിസത്തിന്റെ പ്രതിച്ഛായ തന്നെ മാറ്റിയത് സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളാണ്. അതിവേഗം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത |

| | | | |
|---|---|---|---|
| | | | ടൂറിസം മിഷൻ രൂപീകരിച്ചു. ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി ഗ്രാമീണ മേഖലയിൽ 'വില്ലേജ് ടൂറിസം’, 'റൂറൽ ടൂറിസം’, 'കൾച്ചറൽ ടൂറിസം’, 'ഫെസ്റ്റിവൽ ടൂറിസം’, 'എക്സ്പീരിയൻഷ്യൽ ടൂറിസം’, 'ഫാം /അഗ്രി ടൂറിസം’, 'പൈതൃക ടൂറിസം’, 'ഫുഡ് ടൂറിസം’, 'ആക്സസിബിൾ ടൂറിസം’, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിന്റെ ഗ്രാമീണ സാഹചര്യങ്ങളെ വിവിധ തരത്തിൽ ടൂറിസവുമായി ബന്ധപ്പെടുത്തി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തങ്ങളുമാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ചെയ്തു വരുന്നത്. ഈ സർക്കാർ ആരംഭിച്ച സ്ട്രീറ്റ്, അഗ്രി ടൂറിസം നെറ്റ്‌വർക്ക്, വനിതാ സൗഹൃദ ടൂറിസം പദ്ധതികൾ കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ